# പതിനാലാം കേരള നിയമസഭ
## 7-ാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2275** **16.08.2017 -ൽ മറുപടിയ്ക്ക്**

## മണിയാർ ഡാം ടൂറിസം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രാജു എബ്രഹാം** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | റാന്നിയിലെ മണിയാർ ഡാം കേന്ദ്രീകരിച്ച് എന്തെങ്കിലും ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ ; എങ്കിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇവിടേക്ക് വിഭാവനം ചെയ്തിരിക്കുന്നത് ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ : | എ) | ഉണ്ട്. മണിയാർ ഡാം കേന്ദ്രീകരിച്ച് പുതിയ ടൂറിസം പദ്ധതിക്കായുള്ള രൂപരേഖ (ഡി.പി.ആർ) ലഭിച്ചിരുന്നു. താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊപ്പോസൽ ആണ് ലഭിച്ചിരുന്നത്. സെക്യൂരിറ്റി ക്യാബിൻ, യൂറ്റിലിറ്റി സ്പെയ്സ്, ടിക്കറ്റ് കൗണ്ടർ , മണ്ഡപം, വാച്ച് ടവർ പെയിന്റ് ബാൾ ഏരിയ, സയൻസ് പാർക്ക്, ചിൽഡ്രൻസ് പ്ലേ ഏരിയ , പാർക്കിംഗ് ,മ്യൂസിക്കൽ ഫൗണ്ടൻ, ബൊട്ടാണിക്കൽ ഗാർഡൻ & ബട്ടർഫ്ലൈ ഗാർഡൻ , എൻട്രൻസ് ബ്രിഡ്ജ്, നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം, റോപ്പ് കോഴ്സ്, ട്രക്കിംഗ് കേബിൾ കാർ , ട്രീ ഹൗസ് , ആർച്ചറി & ഗോൾഫ് ഏരിയ, വേസ്റ്റ് ഡിസ്പോസൽ സിസ്റ്റം, റസ്റ്റാറന്റ് കം അഡ്മിൻ കം അക്കോമഡേഷൻ ഡ്രൈവ് ഇൻ അക്വേറിയം തുടങ്ങിയ ഘടകങ്ങൾ ആണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതിക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ആർക്കാണ് ഇതിന്റെ ചുമതല ഇത് ഇപ്പോൾ ആരുടെ പക്കലാണുള്ളത് | ബി) | ഉണ്ട്. കേരള ഇലക്ട്രിക്കൽസ് & അലൈഡ് എൻജിനിയറിംഗ് കമ്പനിയാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. ഇത് നിലവിൽ ടൂറിസം വകുപ്പ് പരിശോധിച്ചു വരുന്നു. |
| സി) | പദ്ധതിക്കായി എന്ത് തുക ചെലവുവരും എന്ന് അറിയിക്കാമോ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ? | സി) | 42,18,75,573/- രൂപയുടെ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റാണ് ലഭ്യമായിട്ടുള്ളത്. കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ